**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ: 2257** **11.03.2020-ൽ മറുപടിക്ക്**

## കൊച്ചി ടൂറിസം വികസന പ്രവർത്തനങ്ങൾ

ചോദ്യം

ശ്രീ.കെ.ജെ. മാക്സി :

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ഹെറിറ്റേജ് ടൂറിസവും ബിനാലെയും ഉൾപ്പെടെ പ്രധാനപ്പെട്ട സംരംഭങ്ങൾ നടക്കുന്ന കൊച്ചിയുടെ ടൂറിസം വികസനത്തിനായി ഇതര വകുപ്പുകളുമായി ചേർന്ന് നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ; | എ) | ഹെറിറ്റേജ് ടൂറിസത്തിന്റെ ഭാഗമായി "മ്യൂസിയം ഓഫ് കൾച്ചറൽ മൊസൈക്ക് അറ്റ് മട്ടാഞ്ചേരി " എന്ന പദ്ധതി ടൂറിസം വകുപ്പിന്റെ പ്രവർത്തനത്തിലാണ്. ബിനാലെയുടെ സ്ഥിരം വേദിക്കുവേണ്ടി റവന്യ വകുപ്പ് മുഖേന സ്ഥലം ഏറ്റെടുക്കൽ നടപടി പുരോഗമിക്കുന്നു. ഇതിന്റെ ചെലവിലേക്കായി കിഫ്ബിയിൽ നിന്ന് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | മെഡിക്കൽ ടൂറിസത്തിന് പ്രാധാന്യമുള്ള കൊച്ചിയിൽ മെഡിക്കൽ ടൂറിസം വികസനത്തിനായി നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ; | ബി) | സംസ്ഥാന വിനോദ സഞ്ചാര വകുപ്പിന് മെഡിക്കൽ ടൂറിസം വികസനത്തിനായി നിലവിൽ പദ്ധതികളൊന്നും ഇല്ല. സംസ്ഥാനത്തൊട്ടാകെയുള്ള ആയുർവേദ സെന്ററുകൾ അപേക്ഷിക്കുന്ന മുറയ്ക്ക് ക്ലാസിഫിക്കേഷൻ നൽകുക മാത്രമാണ് നിലവിൽ ടൂറിസം വകുപ്പ് ആരോഗ്യ രംഗവുമായി ബന്ധപ്പെട്ട് ചെയ്തുവരുന്നത്. |
| സി) | കൊച്ചിയിലും പരിസരമേഖലയിലുമുൾപ്പെടെ മുടങ്ങിക്കിടക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും അവയുടെ പൂർത്തീകരണങ്ങൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും വ്യക്തമാക്കുമോ? | സി) | "കൺസർവേഷൻ & റിസ്റ്റോറേഷൻ ഓഫ് ചൈനീസ് ഫിഷിംഗ് നെറ്റ് അറ്റ് ഫോർട്ട് കൊച്ചി", "ഡവലപ്മെന്റ് ഓഫ് കൊച്ചിൻ ആസ് ടൂറിസ്റ്റ് ഡെസ്ററിനേഷൻ ഇൻ കേരള" എന്നിവയാണ് കൊച്ചിയിൽ മുടങ്ങിക്കിടക്കുന്ന പദ്ധതികൾ<br><u>കൺസർവേഷൻ & റിസ്റ്റോറേഷൻ ഓഫ് ചൈനീസ് ഫിഷിംഗ് നെറ്റ് അറ്റ് ഫോർട്ട് കൊച്ചി</u><br>കോതമംഗലം ഫോറസ്റ്റ് ഡിവിഷനിൽ ആദ്യം 219 മരം ഡി.എഫ്.ഒ ഓഫീസ് വാല്യൂവേഷൻ നടത്തിയതിൻ പ്രകാരം ചെലാൻ അടച്ചിട്ടുള്ളതാണ്. മരം മുറിക്കുന്ന ജോലി ഫിഷിംഗ് നെറ്റ് അസോസിയേഷനെ ചുമതല പ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |

| | | | | |
|---|---|---|---|---|
| | | | | <u>ഡവലപ്മെന്റ് ഓഫ് കൊച്ചിൻ ആസ് ടൂറിസ്റ്റ് ഡെസ്റ്ററിനേഷൻ ഇൻ കേരള</u><br>ബീച്ച് നടപ്പാത 15 മീറ്ററോളം നീളത്തിൽ കടൽക്ഷോഭത്തിൽ തിരമാല അടിച്ചു തകർന്നുപോയതിനാൽ സമുദ്ര പഠനം നടത്തി ബീച്ച് സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനം പുനരാരംഭിക്കുന്ന നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.<br>അതിനായി ഐ.ഐ.ടി ചെന്നൈ എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ഫണ്ട് അനുവദിക്കുകയും ചെയ്തു, |

സെക്ഷൻ ഓഫീസർ